# നവഭാരത് ടൈലറിംഗ് ആന്റ് ബാഗ് യൂണിറ്റ്, കടലുണ്ടി

കടലുണ്ടി ഗ്രാമ പഞ്ചായത്തിലെ നവഭാരത് ടൈലറിംഗ് ആന്റ് ബാഗ് യൂണിറ്റ് 2006 ലാണ് ആരംഭിച്ചത്. നാല് അംഗങ്ങളാണ് യൂണിറ്റിലുള്ളത്.സുനാമി പുനരധിവാസ പദ്ധതി യായ ടീപ് പ്രൊജക്ടിലുൾപ്പെടുത്തിയാണ് പദ്ധതി ആരംഭിച്ചത്.25000 രൂപ അംഗങ്ങൾ വായ്പയെടുക്കുകയും 62500 രൂപ ടീപ് ധന സഹായവും ലഭിച്ചിട്ടുണ്ട്. വാടക കെട്ടിടത്തിലാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. മൂന്ന് തയ്യൽ മെഷീനുകളുണ്ട്.അംഗ ങ്ങൾക്ക് തയ്യൽ അറിയാവുന്നത് കൊണ്ട് പരിശീലനം ലഭിച്ചിട്ടില്ല. തുടക്കത്തിൽ ഓർഡറു കൾക്കനുസരിച്ചാണ് ജോലി ചെയ്തത്. ഇപ്പോൾ വിവിധ സ്ഥാപനങ്ങലുടെ സഞ്ചികൾ പീസ് റേറ്റിൽ ഏറ്റെടുത്ത് നിർമ്മിച്ചു നൽകുന്നു.

പ്രതിമാസം 15000 - 25000 രൂപ യൂണിറ്റിനു വരുമാനം ലഭിക്കുന്നുണ്ട്. ഇതിൽ നിന്ന് കെട്ടിട വാടക,മെഷിനറി മെയ്ന്റനൻസ് ചെലവുകൾ, വൈദ്യുതി ചാർജ്ജ് എന്നിവ വഹിക്കുന്നു.

ഷിബില

എം.കെ.എസ്.പി. ബ്ലോക്ക് കോ ഓർഡിനേറ്റർ

കോഴിക്കോട് ബ്ലോക്ക്